# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1155 31.10.2019 ൽ മറുപടിക്ക്**

**കുതിരാൻ തുരങ്ക ഭാഗത്തുണ്ടാകുന്ന ഗതാഗത തടസ്സം**

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ദേശീയപാത 544 ൽ വടക്കഞ്ചേരിക്കും മണ്ണുത്തിക്കും ഇടയിലെ കുതിരാൻ തുരങ്ക ഭാഗത്തുണ്ടാകുന്ന ഗതാഗത തടസ്സം മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാതയിലെ കുഴികൾ അടപ്പിച്ച് ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഗണന നൽകുമോ?

(എ) (ബി) & (സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു.പൊതുമരാമത്ത് മന്ത്രിയുടെ നിർദ്ദേശാനുസരണം 30.08.2019 ൽ ബഹു.കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ നിർമ്മാണ കമ്പനിയുടെ റിസ്ക് & കോസ്റ്റിൽ പുതിയ ഏജൻസിയെ കൊണ്ടു റോഡിന്റെ മെയിന്റനൻസ് നടത്താൻ റീജിയണൽ ആഫീസർ NHAI തീരുമാനിക്കുകയും ഇപ്പോൾ എമർജൻസി മെയിന്റനൻസ് ടെണ്ടർ ക്ഷണിക്കുകയും അതിൻ പ്രകാരം എമർജന്റ് റിപ്പെയർ വർക്കുകൾ ഉടൻ തന്നെ പൂർത്തിയാക്കുന്നതാണ് എന്ന് NHAI അറിയിച്ചിട്ടുണ്ട്. ബഹു.പൊതുമരാമത്തു വകുപ്പ് മന്ത്രി 2018 ൽ കുതിരാൻ തുരങ്കം നേരിൽ സന്ദർശിക്കുകയും തൃശ്ശൂർ കളക്ടേറ്റിൽ വച്ച് കളക്ടർ,കരാറുകാർ, NHAI അധികാരികൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. 2019 ജനുവരിയിൽ പ്രവൃത്തി പൂർത്തികരിക്കാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും വാഗ്ദാനം നടപ്പിലാക്കുന്നതിൽ കരാറുകാരനും NHAI യും പരാജയപ്പെട്ടു. കരാറുകാരനെതിരെ കരാർവ്യവസ്ഥ ലംഘിച്ചതിന് നടപടി സ്വീകരിക്കാനും ടെർമിനേറ്റ് ചെയ്യാൻ നടപടിയെടുക്കാനും NHAI യോട് കത്ത് വഴി ആവശ്യപ്പെട്ടിരിക്കുകയാണ്. NHAI യുമായുള്ള കരാറായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുന്നതിൽ പരിമിതികളുണ്ട്.

സെക്ഷൻ ഓഫീസർ